ജൂൺ 2020

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

മെയ് മാസവും നാം പിന്നിടുന്നു. ലോക്ഡൗൺ കാലം ഇനിയും അവസാനിച്ചിട്ടില്ലെങ്കിലും ജൂൺ മാസം ആരംഭിക്കുമ്പോഴേക്കും ഇപ്പോൾ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് ഇളവ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വർഷാവസാന പരീക്ഷകൾ മെയ്മാസത്തിലെ അവസാന ആഴ്ചയിൽ നടത്തുന്നതിന് കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് ക്രമീകരണം ചെയ്തു വരികയാണ്. സംസ്ഥാനത്തെ കലാലയ പരീക്ഷകൾ ജൂൺ മാസത്തിലും ജൂലൈ മാസത്തിലുമായി പൂർത്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാം. ഇത് ശുഭകരമായ ലക്ഷണമാണ്. വ്യവസ്ഥാപിതമായ വിദ്യാഭ്യാസ സാധ്യതകൾ സെപ്റ്റംബറിലേക്ക് സാധ്യമാകുമെന്ന് പ്രതീക്ഷിക്കാം പ്രാർത്ഥിക്കാം. കോവിഡ് പ്രതിരോധത്തിലും രോഗികൾക്കായുള്ള പരിചരണത്തിലും കേരളം മാതൃകയായി മാറിയത് ഭരണകൂടത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ ജനങ്ങൾ നൽകിയ ഹൃദയ പൂർവ്വമായ സഹകരണം കൊണ്ടാണ്. ബന്ധപ്പെട്ട ഏവർക്കും കേരള ജനതയ്ക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

കോവിഡ് രോഗബാധയുടെ ദുരന്തഫലങ്ങൾ ലോകമെമ്പാടും ഏറ്റുവാങ്ങുമ്പോഴും അന്താരാഷ്ട്രമേഖലകളിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള പോർവിളികളാലും യുദ്ധഭീഷണികളാലും ഉത്കണ്ഠ ഉളവാക്കുന്ന സാഹചര്യങ്ങൾ സംജാതമായിരിക്കുകയാണ്. ലോകത്തെ മുഴുവൻ ഗ്രസിച്ചിരിക്കുന്ന ഈ പ്രതിസന്ധി ജീവന്റെ നിലനിൽപ്പിനെപ്പോലും വെല്ലുവിളിച്ചുകൊണ്ട് നിൽക്കുമ്പോൾ ആ പ്രതിസന്ധിയിൽ നിന്നും കരകയറുവാൻ ഒരുമിച്ചു നിൽക്കേണ്ടവർ അതിനു തുനിയാതെ സ്വന്തം സ്വാർത്ഥ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ഇറങ്ങിപ്പുറപ്പെടുന്നത് അനുഭവങ്ങളിൽ നിന്നും പാഠം പഠിക്കുവാൻ തയ്യാറാകാത്ത അവിവേകത്തിന്റെ കഠിന പരീക്ഷ തന്നെയാണ്. നോഹയുടെ കാലഘട്ടത്തിലെ പ്രളയാനന്തരം ദൈവത്തെ മാറ്റിനിർത്തിക്കൊണ്ടും വെല്ലുവിളിച്ചുകൊണ്ടും തങ്ങൾക്കൊരു പേരുണ്ടാക്കുവാൻ വേണ്ടി ബാബേൽ ഗോപുര നിർമ്മിതിക്കായി ഇറങ്ങിപ്പുറപ്പെട്ടവർ ആ ഗോപുരം പണിതത് തങ്ങളുടെ അഹങ്കാരത്തിന്റെ അടിത്തറയിൽ ആയിരുന്നതിനാൽ ആ നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവർക്ക് പരസ്പരം മനസിലാക്കുവാനും ഭാഷ തിരിച്ചറിയുവാനും കഴിയാതെ വന്ന് അതൊരു ദുരന്ത നിർമ്മിതിയായി മാറിയത് ചരിത്രത്തിൽ ഇന്നും ഒരു പാഠമായി നിലനിൽക്കുന്നു. ദൈവത്തെ മറന്ന് അഹങ്കാര നിർമ്മിതികൾ തീർക്കുന്നവരുടെ അവസ്ഥ വ്യത്യസ്തമായിരിക്കുകയില്ല എന്നാണ് ചരിത്രം നൽകിയിട്ടുള്ള ജീവിതപാഠം എന്നും ഓർക്കേണ്ടിയിരിക്കുന്നു. ബഹിരാകാശത്തു വച്ചുതന്നെ ശത്രുവിന്റെ മിസൈലുകളെ സംഹരിക്കുവാനുള്ള നൂതന ആയുധങ്ങൾ സംവിധാനം ചെയ്തിരിക്കുന്നു എന്ന് അമേരിക്കൻ പ്രസിഡന്റ് അവകാശപ്പെടുമ്പോൾ ഉത്തര കൊറിയ ഹൈഡ്രജൻ ബോംബിന്റെ പുതിയ പതിപ്പുകൾ അവതരിപ്പിക്കുന്നതിന് ആവേശം കൊള്ളുകയാണ്. ബാബേലിൽ ഗോപുരം പണിയുന്ന കാലഘട്ടത്തിലും മാനവികത ഉണ്ടായിരുന്നുവെന്നുവരികിലും ആ മാനവികതയ്ക്ക് അന്യോന്യം മനസ്സിലാക്കുവാനുള്ള കഴിവ് നഷ്ടപ്പെട്ടിരുന്നു എന്നതാണ് അന്ന് അഭിമുഖീകരിച്ച ദുരന്തം. ഒരുമയുടെ സംഗീതം നഷ്ടപ്പെടുകയും വിഭാഗീയതയുടെ വെല്ലുവിളികൾ പോർവിളികളായി പെരുകുകയും ചെയ്ത ആ കാലഘട്ടത്തിൽ വികൃതമാക്കപ്പെട്ട മാനവികത പിന്നീട് വീണ്ടെടുക്കപ്പെടുന്നത് നാം ചരിത്രത്തിൽ കാണുന്നത് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം യരുശലേമിൽ കൂടിയ ശിഷ്യസമൂഹത്തിന് പെന്തക്കൊസ്തു നാളിൽ പരിശുദ്ധാത്മദാനം ലഭിച്ചപ്പോഴാണ്. പലഭാഷകളിൽ സംസാരിച്ചിട്ടുപോലും അന്നത്തെ വിശ്വാസ സമൂഹത്തിന് പരസ്പരം പറയുന്നത് ഏകമനസ്സോടെ മനസ്സിലാക്കുവാൻ കഴിഞ്ഞത് പരിശുദ്ധാത്മാവിനാലാണ്. ദൈവം രൂപപ്പെടുത്തുന്ന പുതിയ മാനവികതയുടെ ദൃഷ്ടാന്തമാണിത്.

കോവിഡാനന്തര ലോകം എങ്ങനെയായിരിക്കും എന്നതിനെക്കുറിച്ചുള്ള പ്രവചനം പോലും സാധ്യമാകാത്ത അവസ്ഥയിലാണ് ലോകരാഷ്ട്രങ്ങളെല്ലാം ഇന്ന് ആയിരിക്കുന്നത്. ഒന്നാം ലോകമഹായുദ്ധവും രണ്ടാം ലോകമഹായുദ്ധവും രാഷ്ട്രങ്ങൾ തമ്മിലായിരുന്നുവെങ്കിൽ ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന കോവിഡ് 19 എന്ന വസന്ത മാനവരാശിയും ഒരു സൂക്ഷ്മാണുവും തമ്മിലുള്ള പൊരിഞ്ഞ പോരാട്ടമായി മാറിയിരിക്കുകയാണ്. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിലും നാലാം ദശകത്തിന്റെ ആരംഭത്തിലും നടമാടിയ സാമ്പത്തിക തകർച്ച പോലുള്ള ഒരു സാമ്പത്തിക തകർച്ചയും ഒരു ഭീഷണിയായി ലോകരാഷ്ട്രങ്ങൾക്ക് മുന്നിലുണ്ട്. ലോകരാഷ്ട്രങ്ങളെല്ലാം പരമ്പരാഗതമായി പുലർത്തിയിരുന്ന ശത്രുതകളെല്ലാം വെടിഞ്ഞ് ഒറ്റക്കെട്ടായി നിന്നിരുന്നുവെങ്കിൽ കോവിഡിനെ പ്രതിരോധിക്കുവാൻ മാത്രമല്ല പുതി

യൊരു ലോകക്രമം പടുത്തുയർത്തുവാനും കഴിയുമായിരുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് ജ്ഞാനിയായ ശലോമോൻ രാജാവിനോട് ദൈവം അരുളിച്ചെയ്തത് ഈ മഹാമാരിയുടെ കാലത്ത് ഏറെ പ്രസക്തമാണ്- 'മഴ പെയ്യാതിരിക്കേണ്ടതിന് ഞാൻ ആകാശം അടയ്ക്കയോ ദേശത്തെ തിന്നു മുടിക്കേണ്ടതിന് വെട്ടുക്കിളിയോട് കൽപിക്കയോ എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച്, എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും' (2 ദിന. 7:13,14). തങ്ങളെത്തന്നെ താഴ്ത്തി വിനയത്തോടും പ്രാർത്ഥനയോടും കൂടി ദൈവമുഖം അന്വേഷിക്കുകയും ദുർമാർഗ്ഗങ്ങളെ പരിത്യജിക്കുകയും ചെയ്യുന്ന ദേശത്തിനും ദേശവാസികൾക്കും ദൈവം വാഗ്ദാനം ചെയ്ത സൗഖ്യത്തിന്റെ ഓഹരിക്കാരായി മാറുവാൻ നമുക്ക് ദൈവമുമ്പാകെ നമ്മെത്തന്നെ സമർപ്പിക്കാം. ലോക്ഡൗൺ പ്രഖ്യാപിക്കുമ്പോൾ നമ്മുടെ പ്രധാനമന്ത്രി പറഞ്ഞത് മഹാഭാരതയുദ്ധം 21 ദിവസം കൊണ്ട് അവസാനിച്ചതുപോലെ 21 ദിവസം കൊണ്ട് കോവിഡിനെതിരായ യുദ്ധത്തിൽ നാം ജയിക്കും എന്നായിരുന്നു. NITI AAYOG -ന്റെ ഉത്തരവാദിത്വപ്പെട്ടവർ പ്രഖ്യാപിച്ചത് ലോക്ഡൗണിന്റെ രണ്ടാം ഘട്ടം കഴിയുമ്പോൾ കോവിഡ് അപ്രത്യക്ഷമാകും എന്നായിരുന്നു. എന്നാൽ കോവിഡിനെ പിടിച്ചുകെട്ടുവാൻ കഴിയാതെ വന്നപ്പോൾ തങ്ങളുടെ പ്രസ്താവനയെ തെറ്റിദ്ധരിച്ചതുകൊണ്ടാണ് അങ്ങനെയുള്ള തെറ്റിദ്ധാരണ ഉണ്ടായതെന്നാണ് പിന്നീട് അവർ വ്യാഖ്യാനിച്ചത്. അങ്ങനെയുള്ള തെറ്റിദ്ധാരണ പരക്കുവാൻ കാരണമായതിന് ക്ഷമ ചോദിക്കുകയും ചെയ്തു. ലോക്ഡൗണിന്റെ നാലാം ഘട്ടത്തിൽ നാം ഇപ്പോൾ ആയിരിക്കുന്നു. ഇന്ത്യയിലും രോഗബാധിതരുടെ എണ്ണം കൂടിക്കൂടി വരികയാണ്. ആനുപാതികമായി മരണസംഖ്യ കുറവാണെങ്കിലും രോഗബാധിതരുടെ പട്ടികയിൽ 10-ാം സ്ഥാനത്തേയ്ക്ക് ഇന്ത്യ പ്രവേശിക്കുന്നു എന്നാണ് വാർത്തകൾ വരുന്നത്. ഓരോ ഇന്ത്യക്കാരനും കൂടുതൽ ജാഗ്രത പാലിക്കേണ്ട സമയമാണിത്. ഓരോരുത്തർക്കും ഉണ്ടാകേണ്ടതായ ചിന്ത അപരന് രോഗം വരാതിരിക്കുവാൻ തനിക്കെന്തു ചെയ്യുവാൻ കഴിയും എന്നതാണ്. ഗവണ്മെന്റ് നിർദ്ദേശിച്ചിരിക്കുന്ന നിയന്ത്രണങ്ങളിൽ സ്വയം ഇളവ് പ്രഖ്യാപിക്കാതെ സാമൂഹ്യ അകലം പാലിക്കുന്ന കാര്യങ്ങളിലുൾപ്പെടെ തികഞ്ഞ ആത്മാർത്ഥതയോടെ സ്വയം നിയന്ത്രണം ഏർപ്പെടുത്തുക എന്നതാണ് ഇക്കാര്യത്തിൽ ഫലപ്രദമായി ചെയ്യുവാൻ കഴിയുന്നത് എന്ന യാഥാർത്ഥ്യം മനസ്സിലാക്കി അപരന്റെ നന്മയെക്കൂടി കരുതി ഉത്തരവാദിത്വ ബോധത്തോടെ എല്ലാവരും പ്രവർത്തിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ.

നാലാമത്തെ ലോക്ഡൗൺ കാലഘട്ടത്തിലും നമ്മുടെ ആരാധനാലയങ്ങൾ അടഞ്ഞുതന്നെ കിടക്കുകയാണ്. അഞ്ചിൽ കൂടുതൽ ആളുകൾ പങ്കെടുക്കാത്തവിധത്തിൽ പലയിടത്തും ആരാധനകൾ നടക്കുന്നുണ്ട്. എന്നാൽ ലോക്ഡൗൺ ആരംഭിച്ച കാലഘട്ടത്തിൽത്തന്നെ പൂലാത്തീൻ ചാപ്പലിൽ ഞായർ ഉൾപ്പെടെയുള്ള പ്രത്യേക ദിനങ്ങളിലെല്ലാം വി. കുർബ്ബാന ശുശ്രൂഷ ലോക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുതന്നെ നടത്തുന്നതിനും വി. കുർബ്ബാന അർപ്പിക്കുന്നതിനും നമ്മെ ശക്തീകരിച്ച ദൈവത്തിന് സ്തോത്രം. ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് ആ ശുശ്രൂഷ തത്സമയം തന്നെ സംപ്രേക്ഷണം ചെയ്യുന്നതിനും YouTube-ലൂടെയും Online ലൂടെയും ഇതര മാർഗ്ഗങ്ങളിലൂടെയും ആഗോളസഭയ്ക്ക് ഇതിൽ അതാതിടങ്ങളിൽ പങ്കുചേരുന്നതിനും ഇടയായി. നമ്മുടെ സഭാമക്കളുടെ അനേകം ഭവനങ്ങളിൽ ഈ സമയം ഗാർഹിക സഭയായി കൂടിവന്ന് ആരാധനയിൽ പങ്കെടുത്തു എന്നറിയുവാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. സഭയെ സംബന്ധിച്ച് ഇതൊരു നൂതന സംരംഭവും ധന്യവും നവ്യവുമായ ഒരു അനുഭവവും അനുഗ്രഹവുമായിരുന്നു. പീഡാനുഭവ ആഴ്ചയിലും ശുശ്രൂഷകളിലും ധ്യാനത്തിന് നേതൃത്വം നൽകുവാൻ ദൈവം ഒരുക്കി തന്ന അവസരം അവിസ്മരണീയ അനുഭവമായിരുന്നു എന്നോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ലോക്ഡൗൺ കാലഘട്ടത്തിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നമ്മുടെ യുവജനസഖ്യം സന്നദ്ധപ്രവർത്തകരും വിഭവസമാഹരണത്തിലും വിതരണത്തിലും CARD-ന്റെ പ്രവർത്തകരും തങ്ങൾക്ക് ലഭിച്ച വിഭവശേഷിയുടെ അടിസ്ഥാനത്തിൽ വളരെ അഭിനന്ദനീയമായ സേവനം കാഴ്ചവെച്ചതിൽ പ്രത്യേകം അഭിനന്ദിക്കുന്നു. കുറഞ്ഞത് 15 ലക്ഷം രൂപായെങ്കിലും ഈ ആവശ്യത്തിനായി വിനിയോഗിക്കുവാൻ ഇടയായിട്ടുണ്ട്. ആയതിൽ കോവിഡ് രോഗബാധിതർക്ക് എം.എൽ.എ. മാരിലൂടെ മരുന്നു വാങ്ങി നൽകുവാൻ ഭദ്രാസനമായി ചെയ്തതും ഉൾപ്പെടുന്നു. കഴിഞ്ഞ ദിവസം വീഡിയോ കോൺഫ്രൻസായി എപ്പിസ്കോപ്പൽ സിനഡ് കൂടിയപ്പോൾ 35 ലക്ഷം രൂപാ (സഭയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 20 ലക്ഷവും മെത്രാപ്പോലീത്തായുടെ ഡിസ്ക്രീഷനറി ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും അമേരിക്കൻ ഭദ്രാസനത്തിന്റെ വിഹിതമായ 10 ലക്ഷം രൂപായും) കോവിഡുമായി ബന്ധപ്പെട്ടുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മുഖ്യമന്ത്രിയെ നേരിൽ കണ്ടു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത സമയത്ത് കേരളക്കരയിൽ ആരംഭിച്ച് ഒഡീസായിലും പശ്ചിമബംഗാളിലും വീശിയടിച്ചതായ കൊടുങ്കാറ്റിൽ കൽക്കട്ടായിലെ ജഗദൽ മിഷനും അന്താരാ മിഷൻ ആശുപത്രിക്കും പലവിധമായ നാശനഷ്ടങ്ങൾ വരികയുണ്ടായി. ഈ രണ്ടിടങ്ങളിലെ ആവശ്യങ്ങൾക്കായി സിനഡ് 2 ലക്ഷം രൂപായും മെത്രാപ്പോലീത്തായുടെ ഡിസ്ക്രീഷനറി ഫണ്ടിൽ നിന്നും 2 ലക്ഷം രൂപായും നൽകുവാൻ സിനഡ് തീരുമാനിച്ചിട്ടുണ്ട്. കൽക്കട്ടയിലെ മേൽപ്പറഞ്ഞ സ്ഥാപനകൾക്ക് ഈ പ്രത്യേക സാഹചര്യത്തിൽ കൈത്താങ്ങ് നൽകുവാൻ താൽപര്യപ്പെടുന്ന സുമനസുകൾ ആ തുക സഭാ സെക്രട്ടറിയുടെ പേരിൽ അയച്ചുകൊടുത്താൽ ഈ സ്ഥാപനകളുടെ ആവശ്യത്തിലേക്കായി വിനിയോഗിക്കുന്നതാണ്.

നമ്മുടെ സർവ്വാദരണീയനായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ മേൽപ്പട്ടത്വ ശുശ്രൂഷയുടെ 67-ാമത് വാർഷികം മെയ് 23-ന് ആയിരുന്നു. അന്നേദിവസം തിരുമേനിയെ സന്ദർശിച്ച് പ്രത്യേകം പ്രാർത്ഥിച്ച് ദൈവത്തെ സ്തുതിച്ചു. പ്രസന്നതയോടെ ജീവിപ്പാൻ ദൈവം ഇന്നും തിരുമേനിക്ക് കൊടുത്തിരിക്കുന്നതായ വലിയ കൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു.

എപ്പിസ്കോപ്പൽ സിനഡ് ഇന്നത്തെ സാഹചര്യത്തിൽ എല്ലാ ബിഷപ്പുമാരെയും ഉൾക്കൊണ്ടുകൊണ്ട് മെയ് 22-ാം തീയതി 4 മണിമുതൽ 7 മണിവരെ വീഡിയോ കോൺഫ്രൻസായി നടത്തുവാൻ ഇടയായി. ആയതുപ്രകാരമുള്ള തീരുമാനങ്ങൾ സർക്കുലർ കൽപ്പനയായി സഭാജനങ്ങളെ അറിയിച്ചിട്ടുണ്ട്.

1957-ൽ സ്ഥാപിതമായ CCA (Christian Conference of Asia) യുടെ ഏഷ്യാ സൺഡേ ശുശ്രൂഷ പെന്തെക്കൊസ്തു ഞായറാഴ്ചയുടെ തലേ ഞായറാഴ്ച നടത്തപ്പെടുന്ന ഒരു പതിവുണ്ട്. എന്നാൽ ഇന്നത്തെ സാഹചര്യങ്ങളിൽ ഒരുമിച്ചു ചേരുന്നതിന് സാധ്യമല്ലാതെ വന്നതിനാൽ മെയ് 24-ാം തീയതി വൈകിട്ട് ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.15 വരെ വീഡിയോ സൂം കോൺഫറൻസായി ചേർന്ന് പ്രത്യേകം തയ്യാറാക്കിയ ലിറ്റർജി ഉപയോഗിച്ച് ഈ ശുശ്രൂഷ നടത്തുകയുണ്ടായി. ആംഗ്ലിക്കൻ ചർച്ച് ഓഫ് കൊളംബോയുടെ ബിഷപ്പ് Rt. Rev. Dhilo Raj Canagasbey ദൂതു നൽകി. ഏഷ്യയിലുള്ള അംഗസഭകളിൽ നിന്നുള്ള 36 പ്രതിനിധികൾ ഇതിൽ സംബന്ധിച്ചിരുന്നു. പ്രാരംഭ പ്രാർത്ഥന ഇറാനിലെ അർമേനിയൻ ബിഷപ്പും സമാപന പ്രാർത്ഥനയും ആശീർവാദവും നാമും നിർവ്വഹിച്ചു. ടെലിവിഷൻ സ്ക്രീനിൽ 36 പ്രതിനിധികളെ ഒന്നിച്ചു കാണുന്നതിനും അന്യോന്യം സംസാരിക്കുന്നതിനും അവസരം ലഭിച്ചത് വളരെ ഹൃദ്യമായ ഒരു അനുഭവമായിരുന്നു. ഇപ്രകാരം ക്രമീകരണം ചെയ്ത CCA ജനറൽ സെക്രട്ടറിയെയും സ്റ്റാഫിനെയും അഭിനന്ദിക്കുന്നു.

നമ്മുടെ സഭയുടെ ഔദ്യോഗിക സംഗീതവിഭാഗമായ DSMCയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും സംഗീത ഞായറുമായി ബന്ധപ്പെട്ട് പ്രത്യേക സംഗീതാരാധന ക്രമീകരിക്കാറുണ്ട്. ഇപ്രാവശ്യം ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ആരാധനാലയങ്ങളിൽ ഇപ്രകാരമുള്ള ക്രമീകരണം ചെയ്യുവാൻ പ്രയാസമായതിനാൽ Online സംവിധാനത്തിലൂടെ മെയ് 24-ാം തീയതി ഞായറാഴ്ച വൈകിട്ട് 7.30-ന് DSMCയുടെ ആഭിമുഖ്യത്തിൽ ഒരു സംഗീതാരാധന ക്രമീകരിച്ചു- വളരെ ഹൃദയസ്പർശിയായ ഒരു അനുഭവമായിരുന്നു. ആ ശുശ്രൂഷയിൽ കൗമ്മാ പ്രാർത്ഥന നടത്തുന്നതിനും സന്ദേശം നൽകുന്നതിനും പ്രാർത്ഥനയും ആശീർവാദവും നിർവ്വഹിക്കുന്നതിനും നമുക്കും അവസരം ലഭിച്ചു. സംഗീതത്തിലൂടെ ശരീരാത്മദേഹികളെ തൊട്ടുണർത്തുംവിധം ഇപ്രകാരമൊരു ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ DSMC-യേയും നേതൃത്വം നൽകിയ ഡയറക്ടർ റവ. ആശിഷ് തോമസ് ജോർജ്ജ് അച്ചൻ ഉൾപ്പെടെയുള്ളവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. പ്രത്യാശയോടുകൂടി ആകുലചിന്തയിൽ നിന്നും വിമുക്തരായി സുധീരരായി മുന്നോട്ട് ജീവിപ്പാൻ ഉണർവ്വും ഉന്മേഷവും നൽകുന്ന ഒരു സംഗീത ചികിത്സ തന്നെയായിരുന്നു ഈ പ്രോഗ്രാം എന്നു പറയുന്നതിൽ സന്തോഷമുണ്ട്.

ലോക്ഡൗൺ കാലത്ത് വിദ്യാർത്ഥികൾക്കായി കേരള പൊതുവിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച അക്ഷരവൃക്ഷം പുസ്തകത്തിൽ തിരുവല്ല എസ്.സി.എസ്. ഹൈസ്കൂളിലെ മൂന്ന് കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ ഇടം നേടിയെന്നത് അഭിമാനകരമായ ഒരു കാര്യമാണ്. സ്കൂളിനെയും പ്രോത്സാഹനം നൽകിയവരെയും കുട്ടികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ സഭയിലെ സീനിയർ പട്ടക്കാരനായിരുന്ന ദിവ്യശ്രീ. എം. ജോൺ കശീശ്ശാ ഫിലാദൽഫിയായിൽ വച്ച് കോവിഡ് രോഗബാധയാൽ നിര്യാതനായി. നിയന്ത്രണങ്ങൾക്ക് വിധേയമായി അവിടെ ശവസംസ്ക്കാരം നടത്തി. നമ്മുടെ കാലം ചെയ്ത ഈശോ മാർ തിമൊഥെയോസ് എപ്പിസ്കോപ്പായുടെ സഹോദരനായ റവ. വി.റ്റി. ജോൺ അച്ചന്റെ മകൻ കോശി ജോൺ ഹൃദയസ്തംഭനം മൂലം ചിക്കാഗോയിൽ നിര്യാതനായി. കുറിയന്നൂർ വടക്കേടത്ത് ശ്രീ. വി.റ്റി. ജോർജ്ജ് ദക്ഷിണാഫ്രിക്കയിൽ ദീർഘസംവത്സരങ്ങൾ ശുശ്രൂഷ ചെയ്ത ഒരു വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു. അദ്ദേഹം ഫിലാദൽഫിയായിൽ വച്ച് നിര്യാതനായി. അദ്ദേഹം ആലുവാ യുസി. കോളേജിൽ എന്റെ സഹപാഠിയും ഒരേ ഹോസ്റ്റലിൽ ഒരേ റൂമിൽ താമസിച്ചു പഠിച്ച നമ്മുടെ ഉറ്റ സ്നേഹിതനുമായിരുന്നു. ഈ പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളോടുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു, ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

ത്രിത്വ ഞായറാഴ്ചയോടുകൂടിയാണ് ജൂൺമാസത്തിലെ നമ്മുടെ ധ്യാനങ്ങൾ ആരംഭിക്കുന്നത്. വൈദിക ഞായറായും വിദ്യാലയ വർഷാരംഭമായും നാം വേർതിരിച്ചിരിക്കുന്ന ഞായറാഴ്ചയാണ് അത്. ത്രിത്വ ഞായറാഴ്ച ദൈവത്തെക്കുറിച്ചുള്ള പൂർണ്ണവെളിപാട് നമുക്ക് ലഭ്യമാകുന്നു. അന്നത്തെ പ്രാർത്ഥനാക്രമത്തിലെ വാക്കുകൾ ഉന്നതമായ ദർശനത്തിലേക്ക് നമ്മെ നയിക്കുന്നവയാണ്. അത് അത്രമേൽ ഗഹനവും അപ്രമേയവുമാണ്. 'താനാരംഭമില്ലാത്തവനും അവസാനമില്ലാത്തവനുമായ നിത്യനും അതിർത്തി നിർണ്ണയിക്കപ്പെടാവതല്ലാത്തവനുമാകുന്നു. പിതാവും പുത്രനും വിശുദ്ധറൂഹായും ആയ ഏകസ്വഭാവവും ഏകഅധികാരവും ഏക ഇഷ്ടവുമായിരിക്കുന്ന സത്യൈകദൈവവും താനാകുന്നു. തന്നിൽ ക്നൂമ കൂടാതെ നാമമില്ല; ക്നൂമ തമ്മിൽ പ്രായവ്യത്യാസമോ വലിപ്പച്ചെറുപ്പമോ ഇല്ല; പിതാവ് എന്ന് പറയുന്നുവെങ്കിൽ പുത്രനും റൂഹായും തന്നിൽ നിന്നാകുന്നു. പുത്രനെന്ന് പറയുന്നുവെങ്കിൽ പിതാവും റൂഹായും അവനാൽ അറിയപ്പെടുന്നു. റൂഹാ എന്ന് പറയുന്നു എങ്കിൽ പിതാവും പുത്രനും അവനിൽ പൂർണ്ണമായിരിക്കുന്നു. പിതാവ് ജനകനാകുന്നു; പുത്രൻ ജനിച്ചവനാകുന്നു; പരിശുദ്ധ റൂഹാ പിതാവിൽ നിന്നും പുറപ്പെടുന്നവനും പുത്രനിൽ നിന്ന് എടുക്കപ്പെടുന്നവനുമാകുന്നു; താൻ സാരാംശത്തിൽ തന്റെ പിതാവിനോട് സമനാകുന്നു. പിതാവും പുത്രനും പരിശുദ്ധ റൂഹായും ആയുള്ള പൂർണ്ണതയുള്ള ത്രിത്വം' എന്നതത്രേ നമ്മുടെ വിശ്വാസം. ഇതത്രേ ക്രിസ്തുയേശുവിൽ കൂടി നാം അറിയുന്ന ദൈവം.

ജൂൺ 14 ഞായർ പരിസ്ഥിതി ഞായറായി ആചരിക്കുന്നു. സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു എന്നതാണ് അന്നത്തെ ചിന്താവിഷയം. ദൈവം സൃഷ്ടിച്ച് മനോഹരമായി സമ്മാനിച്ച ലോകത്തെ മനുഷ്യൻ വികലമാക്കിയതിന്റെ ദോഷഫലങ്ങളാണ് അനേകമനേകം മഹാമാരികളിലൂടെയും മറ്റ് പരിസ്ഥിതി പ്രശ്നങ്ങളിലൂടെയും ലോകം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ബാധിച്ചിരിക്കുന്ന കോവിഡ് എന്ന വസന്തപോലും ഒരു പരിസ്ഥിതി പ്രശ്നമായും നമുക്ക് കാണാവുന്നതാണ്. എന്നാൽ ലോക്ഡൗൺ കാലയളവിൽ നമ്മുടെ വെള്ളവും വായുവും പരിസരവുമെല്ലാം ശുചീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് ഒരു നല്ല ലക്ഷണമാണ്. പരിസ്ഥിതിയുടെ ഒരു വീണ്ടെടുപ്പ് ഒരു ആത്മീയ വിഷയമായിത്തന്നെ നാം പരിഗണിക്കേണ്ടിയിരിക്കുന്നു. ജൂൺ 16 ചൊവ്വാഴ്ച ശ്ലീഹാ നോമ്പ് ആരംഭിക്കുകയാണ്. ജൂൺ 21 ഞായറാഴ്ച 'ആരാധന: ദൈവജനത്തിന്റെ വിശ്വാസത്തിന്റെ ആഘോഷം' മെന്ന് ചിന്തയെ കേന്ദ്രീകരിച്ചാണ് നാം ധ്യാനിക്കുന്നത്. ജൂൺ 28 ഞായറാഴ്ച സാക്ഷ്യത്തിനുള്ള വിളിയാണ് ശിഷ്യത്വം എന്ന് നാം ചിന്തിക്കുന്നു. ജൂൺ 29-ാം തീയതി തിങ്കളാഴ്ച മാർ പത്രോസ്, മാർ പൗലോസ് എന്നീ ശ്ലീഹന്മാരുടെ നാളാണ്. ശ്ലീഹാ നോമ്പ് വീടൽ അന്നാണ്. മുൻകാലങ്ങളിൽ സഭയിൽ പട്ടക്കാർക്ക് സ്ഥാനം നൽകുന്ന ശുശ്രൂഷ നോമ്പ് വീടലിന്റെ ദിനമായ ശ്ലീഹാ നാളിലായിരുന്നു. 1957-ൽ ആ ദിനത്തിലാണ് നാമും മാർത്തോമ്മാ സഭയിലെ ഒരു ശെമ്മാശനായി പട്ടംകെട്ടപ്പെട്ടത്. കാലം ചെയ്ത മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമേനിയാണ് മാരാമൺ പള്ളിയിൽ വച്ച് ഞങ്ങൾ അഞ്ചു പേർക്ക് ശെമ്മാശപട്ടം നൽകിയത്. റവ. കെ.എം. ഡേവിഡ്, റവ. സി.എ. കുരുവിള, റവ. ഏ.പി. ജേക്കബ്, റവ എൻ.ഐ. മത്തായി എന്നിവർ നമ്മോടൊപ്പം ശെമ്മാശന്മാരായി തീർന്നു. അന്നത്തെ ആ ദിനത്തെക്കുറിച്ചും ശുശ്രൂഷയെക്കുറിച്ചുമുള്ള ഓർമ്മകൾ ഇന്നലെയെന്നതുപോലെ നമ്മുടെ മനസിൽ നിറഞ്ഞു നിൽക്കുന്നു.

ജൂൺ 27-ാം തീയതി 89 വയസ് പിന്നിട്ട് 90-ാം വയസിലേക്ക് നാം പ്രവേശിക്കുകയാണ്. യാക്കോബ് പറഞ്ഞതുപോലെ 'എന്റെ ജനനം മുതൽ ഇന്നുവരെയും എന്നെ കാത്തു പരിപാലിച്ച എന്റെ ദൈവം', എന്റെ കൈക്കുപിടിച്ച് ഇന്നയോളം നടത്തിയ എന്റെ ദൈവം, ബലഹീനതയിൽ എന്നെ ശക്തിപ്പെടുത്തുന്ന എന്റെ ദൈവം, എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവുമായ എന്റെ ദൈവം കഴിഞ്ഞ 89 സംവത്സരങ്ങളിൽ എനിക്ക് മതിയായവനായിരുന്നു. 90-ാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ദൈവം നടത്തിയ വഴികളെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ ബലഹീനതയിൽ തികഞ്ഞുവരുന്ന ദൈവകൃപ എന്നെ അനുദിനം ബലപ്പെടുത്തുന്നു എന്ന സാക്ഷ്യമാണ് നമുക്കുള്ളത്. എന്റെ ദൈവം ഒരു കൃപയ്ക്കും മുടക്കം വരുത്തിയിട്ടില്ല.

'യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്ത് പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. യഹോവയ്ക്ക് ഞാൻ എന്റെ നേർച്ചകളെ അവന്റെ സകല ജനവും കാൺകെ കഴിക്കും'. (സങ്കീ. 116. 12-14).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ, തിരുവല്ല
26-05-2020

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**